## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4960** **04-07-2024 - ൽ മറുപടിയ്ക്ക്**

## പുതുക്കാട് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 10.50 കോടി രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് സ്ഥലം ഏറ്റെടുത്ത് പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള റെയിൽവേയുടെ അനുമതി ഇനിയും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റെയിൽവേയുടെ ആവശ്യ പ്രകാരം പുതുക്കി സമർപ്പിച്ച ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങിന് (GAD) റെയിൽവേയിൽ നിന്നും അംഗീകാരം ലഭിക്കാനുണ്ട്. |
| (ബി) | പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്, നെല്ലായി, ആലത്തൂർ, നന്തിക്കര റെയിൽവേ ഓവർ ബ്രിഡ്ജുകൾ എന്നിവയുടെ നിർമ്മാണ അനുമതിയ്ക്കായി ആർ.ബി.ഡി.സി.കെ. വഴി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുകൾ സ്വീകരിക്കുമോ; | (ബി) | പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്, നെല്ലായി. ആലത്തൂർ, നന്തിക്കര റെയിൽവേ ഓവർ ബ്രിഡ്ജുകൾ റെയിൽവേയുടെ എറണാകുളം ഷൊർണ്ണൂർ — സെക്ഷന് ഇടയിൽ വരുന്ന ആർ.ഒ.ബി.കളായതിനാൽ, ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) റെയിൽവേയുടെ 3rd line-ന്റെ അലൈൻമെന്റ് അന്തിമമായതിന് ശേഷം മാത്രമേ അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് 11.07.2022-ൽ സതേൺ റെയിൽവേ അറിയിച്ചു. റെയിൽവേയുടെ ഉന്നത തല യോഗങ്ങളിൽ ഈ വിഷയം ഉന്നയിക്കുകയും 3rd line അലൈൻമെന്റ് അന്തിമമാക്കി, ആർ.ബി.ഡി.സി.കെ.-യുടെ കീഴിലുള്ള ആർ.ഒ.ബി.കളുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) അംഗീകാരം നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 08.06.2023-ന് നടന്ന സംസ്ഥാന സർക്കാരും ദക്ഷിണ റെയിൽവേയും തമ്മിലുള്ള bi-monthly അവലോകന യോഗത്തിൽ 3rd line അലൈൻമെന്റിന്റെ പൂർത്തീകരണം അവസാന ഘട്ടത്തിലാണെന്നും ജനറൽ അറേഞ്ച്മെന്റ ഡ്രോയിംങ് (GAD) അംഗീകാരം പരിഗണനയിൽ ഉണ്ടെന്നും റെയിൽവേ അറിയിച്ചു.<br><br>കൂടാതെ പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനാൽ ഇതിന്റെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) പ്രത്യേക പരിഗണനയിൽ അംഗീകരിച്ച് |

| | | | |
|---|---|---|---|
| | | | നൽകണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 3rd line അലൈൻമെന്റിന് വേണ്ടി റെയിൽവേ ആവശ്യപ്പെട്ട മാറ്റങ്ങൾ വരുത്തിയ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംങ് (GAD) 05.01.2024-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. ഇത് റെയിൽവേയുടെ പരിഗണനയിലാണ്. |
| (സി) | എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ